പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6110 | 07.07.2014- ൽ മറുപടിക്കണ്ടായിരുന്നത്

## സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

ചോദ്യം
ശ്രീ. എം.എ. വാഹിദ്

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദവിവരം നൽകുമോ ; | (എ) | I. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിനു കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. ചിൽഡ്രൻസ് ഹോമുകൾ<br>2. ഒബ്സർവേഷൻ ഹോമുകൾ<br>3. സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകൾ<br>4. ആഫ്റ്റർ കെയർ ഹോമുകൾ<br>5. വൃദ്ധജനങ്ങൾക്കു വേണ്ടിയുള്ള സ്ഥാപനങ്ങൾ<br>6. സ്ത്രീകൾ, കുട്ടികൾ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ബുദ്ധി വൈകല്യമുള്ളവർക്കുള്ള സ്ഥാപനങ്ങൾ.<br>II. കൂടാതെ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന വിവിധ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു.<br>1. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ<br>2. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ<br>3. കേരള വനിതാ കമ്മീഷൻ<br>4. കേരള സംസ്ഥാന ശിശുക്ഷേമ സമിതി<br>5. നിഷ് (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്)<br>6. കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ്<br>7. കേരള സംസ്ഥാന വികലാംഗക്ഷേമ കമ്മീഷണറേറ്റ്<br>8. കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷൻ<br>9. ഓർഫനേജ് കൺട്രോൾ ബോർഡ്<br>10. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ |
| | | | |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഈ സർക്കാർ അധികാരമേറ്റ ശേഷം വയനാട് ജില്ലയിൽ പുതിയ മഹിളാമന്ദിരം ആരംഭിച്ചു. വനിതാക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നൽകിവരുന്ന വിവാഹധന സഹായം 10,000 രൂപയിൽ നിന്ന് 50,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കുട്ടികളെ ബോർഡിംഗ് സ്കൂളിൽ അയച്ച് പഠിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പ്രൊഫഷണൽ കോഴ്സുകളിൽ, സ്ഥാപനങ്ങളിലെ കുട്ടികൾക്ക് പ്രത്യേക സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംവരണം ഏർപ്പെടുത്തി. സംയോജിത ശിശുസംരക്ഷണ പദ്ധതി നടപ്പിലാക്കി. സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും പഴയ കെട്ടിടങ്ങളുടെ നവീകരണം, അതാത് സ്ഥാപന മേധാവികൾ ആവശ്യപ്പെടുന്ന അടിസ്ഥാന വികസന പദ്ധതികൾ, നൂതന സാങ്കേതിക വിദ്യകൾ എന്നിവ നൽകി വരുന്നു. |
| (സി) | കഴിഞ്ഞ സാമ്പത്തിക വർഷം സാമൂഹ്യനീതി വകുപ്പിന് കേന്ദ്ര സർക്കാരിൽ നിന്നും വിവിധ പദ്ധതികൾക്കായി എത്ര രൂപ ലഭിച്ചെന്നും അവ ഏതെല്ലാം തരത്തിൽ വിനിയോഗിച്ചുവെന്നും വിശദമാക്കുമോ; | (സി) | കഴിഞ്ഞ സാമ്പത്തിക വർഷം സാമൂഹ്യ നീതി വകുപ്പിന് കേന്ദ്ര സർക്കാരിൽ നിന്ന് വിവിധ പദ്ധതികൾക്കായി ലഭിച്ച തുക യുടെയും വിനിയോഗത്തിന്റെയും വിശദ വിവരം ചുവടെ ചേർക്കുന്നു.<br>കഴിഞ്ഞ സാമ്പത്തിക വർഷം ICPS-ന്റെ പ്രവർത്തനത്തിന് കേന്ദ്ര വിഹിതമായ 7,85,89,000 രൂപ ലഭിക്കുകയും അതിൽ 4,94,37,253 രൂപ വിനിയോഗിച്ച് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി യിട്ടുമുണ്ട്.<br>• സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി<br>• സ്റ്റേറ്റ് പ്രോജക്റ്റ് സപ്പോർട്ടിംഗ് യൂണിറ്റ്<br>• സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി രൂപീകരിക്കുകയും ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | • ജുവനൈൽ ജസ്റ്റിസ് ബോർഡ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നിവ പുനക്രമീകരിക്കുകയും അംഗങ്ങൾക്ക് ട്രെയിനിംഗ് നൽകുകയും ചെയ്തു.<br>• ട്രാക്ക് ചൈൽഡ് വെബ് പോർട്ടൽ സംവിധാനം ഏർപ്പെടുത്തി.<br>• ചൈൽഡ് ലൈൻ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുകയും എല്ലാ ജില്ലകളിലും ഓഫീസുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>ഐ.സി.ഡി.എസി -ന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുകയുടെയും പദ്ധതി വിനിയോഗത്തിന്റെയും വിശദവിവരം ചുവടെ ചേർക്കുന്നു. |

| പദ്ധതി | കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക (ലക്ഷത്തിൽ) | ചിലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| സബല<br>1. ന്യൂട്രീഷൻ പ്രവർത്തനം<br>2. നോൺ ന്യൂട്രീഷൻ പ്രവർത്തനം | 1328.64<br>182.93 | 1013.49<br>276.18 |
| കിശോരി ശക്തി യോജന | 179.94 | 191.40 |
| ഇന്ദിരാഗന്ധി മാതൃത്വ സഹയോഗ് യോജന (IGMSY) | 1292.75 | 1274.86 |
| അനുപൂരക പോഷകാഹാര പദ്ധതി | 4511.22 | 4544.59 |
| അങ്കണവാടി പരിശീലന പരിപാടി | 175.04 | 369.86 |
| ഐ.സി .ഡി.എസ് ജനറൽ | 28858.08 | 28036.99 |

| | | | |
|---|---|---|---|
| (ഡി) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ എല്ലാ വർഷവും ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | (ഡി) | സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ ഇന്റേണൽ ഓഡിറ്റും അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റുമാണ് നടന്നു വരുന്നത്. മിക്ക ഓഫീസുകളിലും 2012-13 വരെയുള്ള ആഡിറ്റിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. വകുപ്പിനു കീഴിലുള്ള കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ട് ഒരു വർഷം തികഞ്ഞതേയുള്ളുവെന്നതിനാൽ ഓഡിറ്റിംഗ് ഇതുവരെയും നടന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ